# മലബാർ സമരത്തിന്റെ രാഷ്ട്രീയം

● കെ.ടി ഹുസൈൻ

**ഇന്ത്യൻ** ദേശീയ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ അത്യുജ്ജ്വല അധ്യായങ്ങളിലൊന്നാണ് 1921-ലെ മലബാർ സമരം. ഏറനാട്, വള്ളുവനാട് താലൂക്കുകളിൽ പെട്ട നൂറു കണക്കിന് വില്ലേജുകളിൽ ആറു മാസക്കാലം കൊളോണിയൽ ഭരണത്തെ നിർവീര്യമാക്കിയ ഈ സമരം പിൽക്കാലത്ത് കേരളത്തിൽ നടന്ന ഭൂപരിഷ്കരണം, അയിത്തോച്ചാടനം തുടങ്ങിയ വിപ്ലവകരമായ പല സാമൂഹിക മാറ്റത്തിന്റെയും രാസത്വരകം കൂടിയായിരുന്നു. അതോടൊപ്പം ഭിന്നവിരുദ്ധങ്ങളായ പലതരം വായനകൾക്കും വ്യാഖ്യാനങ്ങൾക്കും വിധേയമായ സമരം കൂടിയാണിത്. കൊളോണിയൽ ചരിത്രകാരന്മാരും അവരുടെ ചുവട് പിടിച്ച് വർഗീയ ചരിത്രകാരന്മാരും ഹിന്ദുവിരുദ്ധ ലഹളയായും മാപ്പിള മതഭ്രാന്തിന്റെ പ്രകടനമായും വിലയിരുത്തി സമരത്തെ ഭർത്സിച്ചപ്പോൾ ഇടതുപക്ഷ ചരിത്രകാരന്മാർ ഒരു കാർഷിക ലഹളയായി മാത്രം കണ്ട് അതിന്റെ പ്രാധാന്യത്തെ പരിമിതപ്പെടുത്തുകയാണ് ചെയ്തത്. ഇടതുപക്ഷ വർഗ വിശകലനത്തിന്റെയോ വർഗീയമായ നോട്ടപ്പാടിന്റെയോ ഭാരമില്ലാതെ വിഷയത്തെ അക്കാദമികമായി പഠിച്ച ചരിത്രകാരന്മാർ ഈ സമരത്തിലെ സാമ്രാജ്യത്വ നാടുവാഴിത്ത വിരുദ്ധ ഉള്ളടക്കം ശരിയായി അടയാളപ്പെടുത്തുന്നതിൽ ഒട്ടൊക്കെ വിജയിച്ചുവെങ്കിലും ദേശീയ സ്വാതന്ത്ര്യ സമരവുമായി അതിനെ കണ്ണി ചേർക്കാൻ മടിച്ചു. മലബാർ സമരത്തിൽ ഉൾച്ചേർന്ന മതപരതയും കോൺഗ്രസിന്റെ പ്രഖ്യാപിത നിലപാടായ അഹിംസയിൽനിന്നും അക്രമരാഹിത്യത്തിൽനിന്നും സമരം ഒരു ഘട്ടത്തിൽ വ്യതിചലിച്ചതുമാകാം ഇത്തരമൊരു സമീപനം സ്വീകരിക്കാൻ അവരെ പ്രേരിപ്പിച്ചതെന്ന് കരുതുന്നതിൽ തെറ്റുണ്ടാകില്ല. കൂടാതെ ദേശീയതയേയും ദേശ രാഷ്ട്ര സ്വത്വത്തെയും കുറിച്ചുള്ള കൊളോണിയൽ ആധുനികത ഉൽപാദിപ്പിച്ച ധാരണകളും സമരത്തെ വസ്തുനിഷ്ഠമായി വിശകലനം ചെയ്യുന്നതിന് തടസ്സമായിട്ടുണ്ടാകാം.

**സാമ്രാജ്യത്വ വിരുദ്ധത, ജന്മിത്വ വിരുദ്ധത, സ്വാതന്ത്ര്യത്തെക്കുറിച്ചും വിമോചനത്തെക്കുറിച്ചുമുള്ള മതാധിഷ്ഠിതമായ പ്രത്യയശാസ്ത്ര ബോധം, ദേശീയ സ്വാതന്ത്ര്യവാഞ്ഛ തുടങ്ങി സാമ്രാജ്യത്വ വിരുദ്ധമായ ഒരു ബഹുജന പ്രക്ഷോഭത്തിനാവശ്യമായ എല്ലാ ഘടകങ്ങളും ഉള്ളടങ്ങിയ അതിശക്തമായ ഒരധിനിവേശ വിരുദ്ധ പോരാട്ടമായിരുന്നു മലബാർ സമരം എന്ന വസ്തുത ഈ സമരത്തെയും അതിലേക്ക് നയിച്ച സംഭവ പരമ്പരകളെയും നിഷ്പക്ഷമായി പഠിക്കുന്ന ഒരാൾക്കും സമ്മതിക്കാതിരിക്കാനാവില്ല.**

സാമ്രാജ്യത്വ വിരുദ്ധത, ജന്മിത്വ വിരുദ്ധത, സ്വാതന്ത്ര്യത്തെക്കുറിച്ചും വിമോചനത്തെക്കുറിച്ചുമുള്ള മതാധിഷ്ഠിതമായ പ്രത്യയശാസ്ത്ര ബോധം, ദേശീയ സ്വാതന്ത്ര്യവാഞ്ഛ തുടങ്ങി സാമ്രാജ്യത്വ വിരുദ്ധമായ ഒരു ബഹുജന പ്രക്ഷോഭത്തിനാവശ്യമായ എല്ലാ ഘടകങ്ങളും ഉള്ളടങ്ങിയ അതിശക്തമായ ഒരധിനിവേശ വിരുദ്ധ പോരാട്ടമായിരുന്നു മലബാർ സമരം എന്ന വസ്തുത സമരത്തെയും അതിലേക്ക് നയിച്ച സംഭവ പരമ്പരകളെയും നിഷ്പക്ഷമായി പഠിക്കുന്ന ഒരാൾക്കും സമ്മതിക്കാതിരിക്കാനാവില്ല. 1921-ലെ കൊളോണിയൽ വിരുദ്ധ സായുധ പ്രക്ഷോഭം പെട്ടെന്നുണ്ടായ ഏതെങ്കിലും സംഭവത്തിന്റെ പ്രതികരണമായി സംഭവിച്ചതല്ല. മറിച്ച് 1792-ലെ ശ്രീരംഗപട്ടണം ഉടമ്പടിയിലൂടെ ടിപ്പുസുൽത്താനെ അടിയറവ് പറയിച്ച് മലബാറിൽ ആധിപത്യം സ്ഥാപിച്ച ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും അവർ താങ്ങിനിർത്തിയ ജന്മിത്വത്തിനും എതിരെ 19-ാം നൂറ്റാണ്ടിലുടനീളം മാപ്പിള കുടിയാന്മാർ നടത്തിയ പോരാട്ടത്തിന്റെ തുടർച്ചയും ചരിത്രപരമായ വികാസവുമായിരുന്നു അത്. മമ്പുറം തങ്ങന്മാർ രൂപപ്പെടുത്തിയ പ്രത്യ

യശാസ്ത്ര അടിത്തറയിൽ വികസിച്ച 19-ാം നൂറ്റാണ്ടിലെ മാപ്പിള ലഹളകളിലെ സാമ്രാജ്യത്വ വിരുദ്ധവും ജന്മിത്ത വിരുദ്ധവുമായ ഉള്ളടക്കം എല്ലാ അക്കാദമിക ചരിത്രകാരന്മാരും സമ്മതിച്ചിട്ടുള്ളതാണ്. ഈ പ്രക്ഷോഭങ്ങളുടെ തുടർച്ചയാണെന്നത് കൊണ്ടുതന്നെ 1921-ലെ സമരത്തിലെ സാമ്രാജ്യത്വ നാടുവാഴിത്ത വിരുദ്ധ ഉള്ളടക്കത്തിനു വേറെ തെളിവുകളൊന്നും ആവശ്യമില്ല. കൂടാതെ മലബാറിലെ കുടിയാൻ പ്രക്ഷോഭത്തിന്റെ മുന്നണി പ്പോരാളികളിലൊരാളായിരുന്ന എം.പി നാരായണമേനോൻ മലബാർ സമരത്തെ ആദ്യാവസാനം പിന്തുണച്ചതും അതിന്റെ പേരിൽ ജയിലിൽ പോയതും സമരത്തിൽ ഉള്ളടങ്ങിയ ജന്മിത്വ വിരുദ്ധതക്കുള്ള മറ്റൊരു പ്രധാന തെളിവാണ്. ദേശീയ സ്വാതന്ത്ര്യ പ്രക്ഷോഭങ്ങളുടെ ഭാഗമായി ഇന്ത്യൻ നാഷ്നൽ കോൺഗ്രസ് ദേശീയ തലത്തിൽ ആവിഷ്കരിച്ച നിസ്സഹകരണ പ്രസ്ഥാനമാണ് മലബാർ സമരത്തിന് തിരികൊളുത്തിയത് എന്ന വസ്തുത ദേശീയ സ്വാതന്ത്ര്യ സമരവുമായി അതിനെ കണ്ണിചേർക്കാനുള്ള മതിയായ ന്യായമാണ്. ഒരു പ്രത്യേക ഘട്ടത്തിൽ ഒഴിവാക്കാനാവാത്ത ചില കാരണങ്ങളാൽ കോൺഗ്രസ്സിന്റെ നയമായ അഹിംസയിൽനിന്ന് സമരം വ്യതിചലിച്ചുവെന്ന ഒറ്റക്കാരണത്താൽ ദേശീയ സ്വാതന്ത്ര്യ സമരത്തിൽനിന്ന് അതിനെ പുറംതള്ളുന്നതിന് യാതൊരു നീതീകരണവുമില്ല. അങ്ങനെ ചെയ്യുകയാണെങ്കിൽ രാജ്യത്തിന്റെ വിമോചനത്തിനുവേണ്ടി സായുധ സമരത്തിന്റെ പാത തെരഞ്ഞെടുത്ത സുഭാഷ് ചന്ദ്രബോസിനെയും ഭഗത്സിംഗിനെയും പോലുള്ള ധീരദേശാഭിമാനികളെ സ്വാതന്ത്ര്യസമര സേനാനികളുടെ കള്ളിയിൽനിന്ന് നമുക്ക് പുറത്ത് നിർത്തേണ്ടി വരും. എന്തിനേറെ അഹിംസയിലും അക്രമരാഹിത്യത്തിലും ഊന്നിയ ഗാന്ധിജിയുടെ മിക്കവാറും സത്യഗ്രഹങ്ങളും സമരങ്ങളുമെല്ലാം അക്രമത്തിലാണ് അവസാനിച്ചിട്ടുള്ളത്. നിസ്സഹകരണ സമരം പോലും അവസാനിച്ചത് ചൗരിചൗരയിലെ ദാരുണമായ പോലീസ് ഹത്യയിലായിരുന്നുവല്ലോ. അക്രമപരമായ അവസാനമുണ്ടായി എന്നതുകൊണ്ട് മാത്രം ഗാന്ധിജിയുടെ ഈ സമരങ്ങളെ ആരെങ്കിലും തള്ളിപ്പറയുകയോ അതിനെ സ്വാതന്ത്ര്യ സമരത്തിന്റെ കള്ളിയിൽനിന്ന് പുറത്താക്കുകയോ ചെയ്യുമോ?

1921-ലെ മലബാർ സമരത്തിന്റെ ഏറ്റവും വലിയ പ്രത്യയശാസ്ത്ര അടിത്തറ, അത് ഇന്ത്യയിലുടനീളം ആഞ്ഞടിച്ച ഖിലാഫത്ത് പ്രക്ഷോഭത്തിന്റെ ഭാഗമായിരുന്നുവെന്നതാണ്. ലോക മുസ്‌ലിംകളെ ഒന്നിച്ച് നിർത്തുന്ന ഏറ്റവും വലിയ ഘടകമായി നൂറ്റാണ്ടുകളോളം വർത്തിച്ച ഉസ്മാനി ഖിലാഫത്തിനോട് ഒന്നാം ലോക യുദ്ധാനന്തരം ബ്രിട്ടൻ സ്വീകരിച്ച വഞ്ചനാ നയത്തിൽ പ്രതിഷേധിച്ച് അബുൽ കലാം ആസാദും അലിസഹോദരന്മാരും ജംഇയ്യത്തുൽ ഉലമായെ ഹിന്ദിലെ മതപണ്ഡിതന്മാരും നേതൃത്വം നൽകിയ പ്രക്ഷോഭമായിരുന്നു ഖിലാഫത്ത് സമരം. ഖിലാഫത്ത് പ്രക്ഷോഭത്തിന്റെ താത്വിക അടിത്തറ *ഖിലാഫത്ത് ഔർ ജസീറത്തുൽ അറബ്* എന്ന പേരിലും *തർകെ മുവാലാത്* (നിസ്സഹകരണം) എന്ന പേരിലും അബുൽ കലാം ആസാദ് തന്റെ *അൽ ഹിലാൽ* പത്രത്തിലെഴുതിയ രണ്ട് ലേഖനങ്ങളാണ്. ആഗോള മുസ്‌ലിം ഐക്യത്തെയും ഇന്ത്യൻ മുസ്‌ലിംകളുടെ രാഷ്ട്രീയ ഭാഗധേയത്തെയും കൂട്ടിയിണക്കി ഖിലാഫത്ത് പ്രസ്ഥാനത്തിലും തദ്വാരാ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലും അണിനിരക്കാനുള്ള ആഹ്വാനമാണ് ആദ്യലേഖനത്തിന്റെ ഉള്ളടക്കം. മുസ്‌ലിംകൾ ബ്രിട്ടീഷ് സൈന്യത്തിൽ ചേരുന്നത് ഹറാമാണെന്നും ഗവൺമെന്റ് ജോലി സ്വീകരിക്കുകയോ നികുതി അടക്കുകയോ ചെയ്യരുതെന്നും ഗവൺമെന്റ് വിദ്യാലയങ്ങൾ ബഹിഷ്കരിക്കണമെന്നുമൊക്കെയായിരുന്നു രണ്ടാം ലേഖനത്തിന്റെ ഉള്ളടക്കം. രണ്ടാമത്തെ ലേഖനം മലബാറിലെ സെൻട്രൽ ഖിലാഫത്ത് കമ്മിറ്റി മലയാളത്തിലാക്കി വിതരണം ചെയ്തിരുന്നു. അലീഗഢിൽ വിദ്യാർഥിയായിരിക്കെ പഠനം ഉപേക്ഷിച്ച് ഖിലാഫത്ത് പ്രക്ഷോഭത്തിൽ സജീവമാകാൻ മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിനെ പ്രചോദിപ്പിച്ചത് ആസാദിന്റെ ആദ്യ ലേഖനമായിരുന്നു. ഖിലാഫത്ത് പ്രക്ഷോഭത്തിന്റെ പ്രത്യയശാസ്ത്രത്തെ കുറിച്ച തികഞ്ഞ ധാരണയോടു കൂടി തന്നെയാണ് മലബാറിലെ മാപ്പിളമാർ അതിൽ അണിനിരന്നതെന്ന് സൂചിപ്പിക്കാനാണ് ഇത് ഇവിടെ എടുത്തുപറഞ്ഞത്.

മലബാർ സമരത്തിന്റെ പ്രത്യയശാസ്ത്ര അടിത്തറ ഉറപ്പിക്കുന്ന മറ്റൊരു പ്രധാന ഘടകം അക്കാലത്ത് വ്യാപകമായി പ്രചരിച്ച പടപ്പാട്ടുകളാണ്. മാപ്പിളമാരിൽ സമരാവേശം കുത്തിവെക്കുന്നതിൽ മറ്റെന്തിനേക്കാളും കൂടുതൽ പങ്ക് വഹിച്ചത് പടപ്പാട്ടുകളാണെന്ന കാര്യത്തിൽ സംശയമില്ല. ഒരാശയത്തിന് വേണ്ടി രക്തസാക്ഷ്യം വരിക്കുന്നതിനെ മഹത്വമായി അടയാളപ്പെടുത്തുന്ന മഹാകവി മോയിൻകുട്ടി വൈദ്യരടക്കമുള്ളവരുടെ പടപ്പാട്ടുകൾ ഉന്നതമായ കലാസൃഷ്ടികളായതോടൊപ്പംതന്നെ സോദ്ദേശ്യ രചനകൾ കൂടിയായിരുന്നു. വൈദ്യരുടെ ബദ്ർ പടപ്പാട്ടിലും ഉഹുദ് പടപ്പാട്ടിലും അറേബ്യൻ പശ്ചാത്തലവും ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് വിമോചന സമരവുമാണ് പ്രത്യക്ഷപ്പെടുന്നത്. ഈ വിമോചന പോരാട്ടങ്ങളെക്കുറിച്ച വൈദ്യരുടെ ഹൃദയഹാരിയായ വർണനകൾ ബ്രിട്ടീഷ് രാജിനെതിരെ പൊരുതിയ മാപ്പിളമാരെ പ്രചോദിപ്പിച്ചതിൽ അത്ഭുതമില്ല.

ഇന്ത്യൻ മുസ്‌ലിംകളെ ദേശീയ പ്രസ്ഥാനവുമായി അടുപ്പിക്കാനുള്ള ഫലപ്രദമായ ഉപാധിയെന്ന നിലയിൽ ഖിലാഫത്ത് പ്രക്ഷോഭത്തെ ഗാന്ധിജിയുടെ നേതൃത്വത്തിൽ കോൺഗ്രസ് പിന്തുണക്കുക കൂടി ചെയ്തതോടെ ഖിലാഫത്ത് പ്രക്ഷോഭം ഹിന്ദു-മുസ്‌ലിം സഹവർത്തിത്വത്തിന്റെ ഉജ്ജ്വല മാതൃകയായി മാറുകയും ചെയ്തു. ഖിലാഫത്ത് പ്രക്ഷോഭത്തെ പിന്തുണച്ചത് ഇന്ത്യയിൽ കോൺഗ്രസിന് ഏറ്റവും കൂടുതൽ ഗുണം ചെയ്തത് മലബാറിലാണ്.

**കോൺഗ്രസ്സിന്റെ നയമായ അഹിംസയിൽനിന്ന് സമരം വ്യതിചലിച്ചുവെന്ന ഒറ്റക്കാരണത്താൽ ദേശീയ സ്വാതന്ത്ര്യസമരത്തിൽനിന്ന് അതിനെ പുറംതള്ളുന്നതിന് യാതൊരു നീതീകരണവുമില്ല. അങ്ങനെ ചെയ്യുകയാണെങ്കിൽ രാജ്യത്തിന്റെ വിമോചനത്തിനുവേണ്ടി സായുധ സമരത്തിന്റെ പാത തെരഞ്ഞെടുത്ത സുഭാഷ് ചന്ദ്രബോസിനെയും ഭഗത്സിംഗിനെയും പോലുള്ള ധീരദേശാഭിമാനികളെ സ്വാതന്ത്ര്യസമര സേനാനികളുടെ കള്ളിയിൽനിന്ന് നമുക്ക് പുറത്ത് നിർത്തേണ്ടി വരും. എന്തിനേറെ അഹിംസയിലും അക്രമരാഹിത്യത്തിലും ഊന്നിയ ഗാന്ധിജിയുടെ മിക്കവാറും സത്യഗ്രഹങ്ങളും സമരങ്ങളുമെല്ലാം അക്രമത്തിലാണ് അവസാനിച്ചിട്ടുള്ളത്.**

കാരണം അതുവരെ ഏതാനും ജന്മിമാരുടെയും വക്കീലുമാരുടെയും സംഘടന മാത്രമായിരുന്ന കോൺഗ്രസ് ജനകീയ സംഘടനയായി മാറിയത് ഈ പിന്തുണക്ക് ശേഷമാണ്. മുസ്‌ലിംകളുടെ പിന്തുണയോടെ കോൺഗ്രസ് ജനകീയ സംഘടനയായി മാറുന്നതിന് സാക്ഷ്യം വഹിച്ചത് 1920-ൽ മഞ്ചേരിയിൽ ചേർന്ന മലബാർ ജില്ലാ കോൺഫറൻസിൽ വെച്ചാണ്. 'ജന്മിമാരും കുടിയാന്മാരും കുലീനരും കൂലിക്കാരും ഹിന്ദുക്കളും മുസ്‌ലിംകളും തടിച്ചു കൂടിയിരുന്ന ആ കോൺഫറൻസ് പന്തൽ ആവേശജനകമായ കാഴ്ചയായിരുന്നു' എന്നാണ് സമ്മേളനത്തിലെ ജനബാഹുല്യത്തെക്കുറിച്ച് കെ.പി കേശവമേനോൻ 'കഴിഞ്ഞ കാലത്തിൽ' എഴുതിയത്. കോൺഗ്രസിനെ ജനകീയ സംഘടനയാക്കി മാറ്റുന്നതിന് ഏറ്റവും വലിയ തടസ്സമായിനിന്ന അതിലെ ജന്മി മേധാവിത്വം തകർക്കപ്പെടാൻ നിമിത്തമായത് സമ്മേളനത്തിലെ ഈ വൻ മുസ്‌ലിം സാന്നിധ്യമായിരുന്നു. അതുവരെയുള്ള കോൺഗ്രസ് സമ്മേളനത്തിലൊന്നും കാണാത്ത മുസ്‌ലിം പങ്കാളിത്തമാണ് മഞ്ചേരി സമ്മേളനത്തിൽ ദൃശ്യമായത്. അതിന് കാരണമായതാകട്ടെ ഖിലാഫത്ത് പ്രക്ഷോഭത്തെ കോൺഗ്രസ് പിന്തുണച്ചതും.

ഇപ്രകാരം കോൺഗ്രസിന്റെ അഹിംസാ സിദ്ധാന്തത്തിലും അക്രമരാഹിത്യത്തിലും ഊന്നിനിന്ന് തീർത്തും സമാധാനപരമായി മുന്നേറിയ ഖിലാഫത്ത് പ്രക്ഷോഭം സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള വൻ ജനകീയ പ്രക്ഷോഭമായി മാറുന്നതിൽ വിറളിപൂണ്ട ഭരണകൂടം സമരത്തെ തകർക്കാൻ നടത്തിയ ആസൂത്രിതമായ ഗൂഢനീക്കങ്ങൾ അതിനെ സായുധ സമരത്തിലേക്ക് വഴിതിരിച്ച് വിടുകയായിരുന്നു. കോൺഗ്രസിനെ ഖിലാഫത്ത് പ്രക്ഷോഭത്തിൽനിന്ന് അകറ്റി അതിനെ ഒറ്റതിരിച്ച് അടിച്ചമർത്താനുള്ള നീക്കമാണ് അധികൃതർ ആസൂത്രണം ചെയ്തത്. ഖിലാഫത്ത് പ്രക്ഷോഭം അക്രമ പ്രവർത്തനങ്ങളിലേക്ക് വഴിമാറുന്നതോടെ കോൺഗ്രസ് അതിനെ തള്ളിപ്പറയുമെന്ന് അധികൃതർക്ക് ഉറപ്പായിരുന്നു. അതിനാൽ കോൺഗ്രസ് കമ്മിറ്റി യോഗങ്ങളെയും പ്രവർത്തകരെയും യാതൊന്നും ചെയ്യാതെ ഖിലാഫത്ത് കമ്മിറ്റി യോഗങ്ങൾ മുടക്കുകയും പ്രവർത്തകരെ അകാരണമായി മർദിക്കുകയും അറസ്റ്റു ചെയ്ത് ജയിലിലടക്കുകയും ചെയ്യുന്നത് അധികൃതർ സ്ഥിരം പരിപാടിയാക്കി. ഖിലാഫത്ത് പ്രവർത്തകരെ കരുതിക്കൂട്ടി പ്രകോപിപ്പിച്ച് അവരെ തിരിച്ചടിക്ക് നിർബന്ധിക്കുകയും അതിലൂടെ ഖിലാഫത്ത് പ്രക്ഷോഭത്തെ ചോരയിൽ മുക്കിക്കൊല്ലാൻ വഴി കണ്ടെത്തുകയുമായിരുന്നു അധികൃതരുടെ ലക്ഷ്യം. കലക്ടർ തോമസും ഡി.എസ്.പി ഹിച്ച്കോക്കുമായിരുന്നു ഈ തന്ത്രത്തിന്റെ സൂത്രധാരന്മാർ. മാപ്പിളമാരെ പ്രകോപിപ്പിക്കാൻ അധികൃതർ സ്വീകരിച്ച നടപടികളെ കുറിച്ച് മലബാർ കലാപം എഴുതിയ കെ. മാധവൻ നായർ ഇങ്ങനെ എഴുതുന്നു: 'വളരെ അധ്വാനിച്ചും പല ചെലവ് ചെയ്തും വിളിച്ച് കൂട്ടുന്ന യോഗങ്ങൾ പൊടുന്നനവെ മുടക്കുന്നതുകൊണ്ട് മാപ്പിളമാരുടെ ഇടയിൽ വർധിച്ച ക്ഷോഭം അസാമാന്യമായിരുന്നു. 'കൽപനകൾ എല്ലാം അനുസരിക്കണം, എന്ന് ഞങ്ങളാൽ ചിലർ ചെയ്ത ഉപദേശം അവരനുസരിച്ചിരുന്നുവെങ്കിലും അത് പൂർണമനസ്സോടെയായിരുന്നില്ല എന്ന് മാത്രമല്ല, ഇങ്ങനെ ഞങ്ങൾ ഉപദേശിച്ചിരുന്നത് ഞങ്ങളുടെ ഭീരുത്വം കൊണ്ടാണെന്ന് കൂടി ചിലർ വ്യാഖ്യാനിച്ചിരുന്നു.... 144-ാം വകുപ്പിന് പുറമെ ഖിലാഫത്ത് പ്രസ്ഥാനത്തെ ഉടയ്ക്കുവാനായി പോലീസുദ്യോഗസ്ഥന്മാർ പ്രയോഗിച്ച മറ്റൊരു നയം ഭീഷണിയും പ്രഹരവുമായിരുന്നു. തിരൂരങ്ങാടിയിലും മലപ്പുറത്തും വെച്ച് നടത്തിയ പ്രഹരങ്ങൾ ഒരുവിധം കുപ്രസിദ്ധമാണ് (*മലബാർ കലാപം* പേ: 71, 78-79).

എല്ലാം കണക്ക് കൂട്ടിയതുപോലെ സംഭവിച്ചു. പോലീസ് അധികൃതരുടെ കരുതിക്കൂട്ടിയുള്ള പ്രകോപനം അസഹ്യമായപ്പോൾ അഹിംസയിൽ ഉറച്ചുനിന്ന് അത്മാഭിമാനം നഷ്ടപ്പെടുത്തുന്നതിനേക്കാൾ സാധ്യമാകുന്നത്ര ചെറുത്തുനിന്ന് രാജ്യത്തിനുവേണ്ടി വീരചരമം പ്രാപിക്കുന്നതാണ് നല്ലത് എന്ന നിലപാടിലേക്ക് ഖിലാഫത്ത് പ്രവർത്തകർ മാറിയതോടെ 1921-ലെ ഐതിഹാസികമായ മലബാർ സമരത്തിന് കളമൊരുങ്ങി. അഹിംസയെ ഒരു നയമായി അംഗീകരിച്ചിരുന്നുവെങ്കിലും കോൺഗ്രസിനെ പോലെ അതിനെ പ്രത്യയശാസ്ത്രമായി കരുതാത്തതിനാൽ ആലി മുസ്‌ലിയാരെയും വാരിയം കുന്നത്തിനെയും പോലുള്ള ഖിലാഫത്ത് നേതാക്കൾക്ക് ഇത്തരമൊരു നിലപാടുമാറ്റം എളുപ്പമായിരുന്നു. പ്രക്ഷോഭം സായുധ ചെറുത്തുനിൽപിലേക്ക് വഴിതിരിഞ്ഞതോടെ പ്രതീക്ഷിച്ചതുപോലെ കോൺഗ്രസ് സമരത്തെ കൈയൊഴിഞ്ഞു. കോൺഗ്രസ്സിന്റെ പിന്മാറ്റം അധികൃതർക്കു സമരം അടിച്ചമർത്തുന്നത് എളുപ്പമാക്കിയെങ്കിലും കോൺഗ്രസിനെ സംബന്ധിച്ചേടത്തോളം ആത്മഹത്യാപരമായ നടപടിയായിരുന്നു അത്. കാരണം കോൺഗ്രസ് നേതാക്കളുടെ തീപ്പൊരി പ്രസംഗങ്ങളിലും പ്രേരണകളിലും ആവേശഭരിതരായി ഖിലാഫത്ത് പ്രക്ഷോഭത്തിലും കോൺഗ്രസിലും അണിനിരന്ന മുസ്‌ലിംകൾക്ക് സമരത്തിന്റെ മൂർധന്യതയിലുള്ള കോൺഗ്രസിന്റെ പിന്മാറ്റം തങ്ങളോട് ചെയ്ത വഞ്ചനയായിട്ടാണ് അനുഭവപ്പെട്ടത്. കലാപാനന്തരം കോൺഗ്രസ് വീണ്ടും ഒരു ഹിന്ദു പാർട്ടിയായി ചുരുങ്ങിപ്പോയതായിരുന്നു അതിന്റെ പ്രത്യാഘാതം. ആദർശശാലിയും ത്യാഗോജ്വല വ്യക്തിത്വത്തിനുടമയുമായ മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിന് പോലും കലാപാനന്തരം മുസ്‌ലിംകളിൽ പടർന്ന് പിടിച്ച കോൺഗ്രസ് വിരോധ പ്രവണതയെ തടഞ്ഞ് നിർത്താനായില്ല. മുസ്‌ലിം ലീഗിന്റെ നേതൃത്വത്തിൽ രൂപപ്പെട്ട ന്യൂനപക്ഷ രാഷ്ട്രീയത്തിന് പിൽക്കാലത്ത് മലബാറിൽ ശക്തി പകർന്ന ഒരു പ്രധാന ഘടകം കോൺഗ്രസിന്റെ ഈ നിഷേധാത്മക നിലപാടായിരുന്നു.

ഒരു ബഹുജന സമരത്തിന്റെ എല്ലാ ഉള്ളടക്കങ്ങളോടും കൂടിയ മലബാർ സമരം, ഇന്ത്യയുടെ ഒന്നാം

**പ്രക്ഷോഭം സായുധ ചെറുത്തുനിൽപിലേക്ക് വഴിതിരിഞ്ഞതോടെ പ്രതീക്ഷിച്ചതുപോലെ കോൺഗ്രസ് സമരത്തെ കൈയൊഴിഞ്ഞു. കോൺഗ്രസ്സിന്റെ പിന്മാറ്റം അധികൃതർക്കു സമരം അടിച്ചമർത്തുന്നത് എളുപ്പമാക്കിയെങ്കിലും കോൺഗ്രസിനെ സംബന്ധിച്ചേടത്തോളം ആത്മഹത്യാപരമായ നടപടിയായിരുന്നു അത്. കാരണം കോൺഗ്രസ് നേതാക്കളുടെ തീപ്പൊരി പ്രസംഗങ്ങളിലും പ്രേരണകളിലും ആവേശഭരിതരായി ഖിലാഫത്ത് പ്രക്ഷോഭത്തിലും കോൺഗ്രസിലും അണിനിരന്ന മുസ്‌ലിംകൾക്ക് സമരത്തിന്റെ മൂർധന്യതയിലുള്ള കോൺഗ്രസിന്റെ പിന്മാറ്റം തങ്ങളോട് ചെയ്ത വഞ്ചനയായിട്ടാണ് അനുഭവപ്പെട്ടത്.**

സ്വാതന്ത്ര്യ സമരം എന്ന് വിശേഷിപ്പിക്കപ്പെട്ട 1857-ലെ ജനകീയ പ്രക്ഷോഭത്തിന് ശേഷം ഇത്ര വിപുലമായ തോതിൽ നടക്കുന്ന ആദ്യ ജനകീയ പ്രക്ഷോഭമായിരുന്നു. വ്യവസ്ഥയുടെ സംരക്ഷകരായ പരമ്പരാഗത മതപണ്ഡിതന്മാരിൽനിന്ന് വേറിട്ട് സഞ്ചരിച്ച മമ്പുറം തങ്ങൾ മുതൽ ഉമർഖാദി വരെയുള്ളവർ വിവിധ കാലങ്ങളിലായി സാമ്രാജ്യത്വത്തിനെതിരെ രൂപപ്പെടുത്തിയ ആശയപരിസരം, മഹാകവി മോയിൻകുട്ടി വൈദ്യരുടെ ബദ്ർപാട്ട് അടക്കമുള്ള പടപ്പാട്ടുകളിലൂടെ പകർന്ന് കിട്ടിയ പോരാട്ടവീര്യം, ഖിലാഫത്തിന്റെ പുനഃസ്ഥാപനത്തിനുള്ള ഉൽക്കടമായ ആഗ്രഹം, രാജ്യത്തിന്റെ സ്വാതന്ത്ര്യം എന്ന മഹാസ്വപ്നം എല്ലാം കൂടി ചേർന്നുകൊണ്ടുള്ള ബ്രിട്ടീഷ് രാജിനെതിരെയുള്ള പൊട്ടിത്തെറിയാണ് 1921-ലെ മലബാർ സമരത്തിലൂടെ സംഭവിച്ചത്. സാമ്രാജ്യത്വത്തിന്റെ സമസ്ത അധികാര ചിഹ്നങ്ങളെയും ഏറനാട്, വള്ളുവനാട് പ്രദേശങ്ങളിൽനിന്ന് ആറ് മാസക്കാലത്തേക്ക് തൂത്തെറിഞ്ഞ ഈ സമരത്തിന് നേതൃത്വം നൽകിയ രണ്ട് പ്രധാനികൾ മത പണ്ഡിതനായ ആലി മുസ്‌ലിയാരും വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദാജിയുമായിരുന്നു. കർഷക തൊഴിലാളികളും കൂലി വേലക്കാരും നിരക്ഷരരുമായ ധാരാളം പാവപ്പെട്ടവർ അണിനിരന്ന ഈ സമരത്തിന് ദിശാബോധം നൽകിയ പ്രധാന ഘടകം ഇവരുടെ നേതൃത്വമായിരുന്നു. കോൺഗ്രസ് ഉയർത്തിപ്പിടിച്ച അഹിംസയുടെയും അക്രമരാഹിത്യത്തിന്റെയും ഉറച്ച വക്താക്കളായിരുന്നുവെങ്കിലും അടിച്ചാൽ യാതൊരവസ്ഥയിലും തിരിച്ചടിച്ചു കൂടാ എന്ന സിദ്ധാന്ത ശാഠ്യമൊന്നും ആലിമുസ്‌ലിയാർക്കും വാരിയൻകുന്നത്തിനുമുണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ അഹിംസാമാർഗത്തിൽനിന്ന് വ്യതിചലിക്കാതിരിക്കാൻ അവസാനഘട്ടംവരെ ശ്രമിച്ചെങ്കിലും ഗത്യന്തരമില്ലാതെ വന്നപ്പോൾ സാമ്രാജ്യത്വത്തിനെതിരെ സായുധ ചെറുത്തുനിൽപിന് നേതൃത്വം നൽകാനും അവർക്ക് മടിയുണ്ടായില്ല. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചത് ഗാന്ധിജിയുടെ അഹിംസാരീതിയിലുള്ള സമരങ്ങളിലൂടെ മാത്രമാണെന്ന ലളിത സമവാക്യത്തിൽ വിശ്വസിക്കുന്ന യാഥാർഥ്യ ബോധമോ കാര്യങ്ങളെ സൂക്ഷ്മമായി വിലയിരുത്താനുള്ള ശേഷിയോ ഇല്ലാത്ത ശുദ്ധന്മാർക്കുമാത്രമേ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിൽ മലബാർ സമരമടക്കമുള്ള അനേകം സായുധ സമരങ്ങളുടെ പങ്ക് കാണാനുള്ള കണ്ണില്ലാതെ പോകുകയുള്ളു. യഥാർഥത്തിൽ 1947-ൽ ഇന്ത്യക്ക് ലഭിച്ച സ്വാതന്ത്ര്യം അഹിംസാരീതിയിലുള്ള സമരത്തിന്റെ മാത്രം വിജയമായിരുന്നില്ല. ഇന്ത്യ കൊളോണിയൽ ഭരണത്തിന് കീഴൊതുങ്ങിയ നാൾ മുതൽ ധീരദേശാഭിമാനികളായ അനേകം മഹാത്മാക്കൾ പലഘട്ടങ്ങളിലായി നടത്തിയ സായുധ പോരാട്ടങ്ങളുടെ കൂടി വിജയമായിരുന്നു അത്. പഴശ്ശി രാജാവ്, വേലുത്തമ്പി ദളവ, ഉണ്ണി മൂസ മൂപ്പൻ, ഝാൻസി റാണി, താന്തിയോതോപ്പി, ബീഗം ഹസ്‌റത്ത് മഹൽ, അഹ്മദുല്ലാ ഷാ, സുഭാഷ് ചന്ദ്രബോസ്, ഭഗത്സിംഗ്, അശ്ഫാഖുല്ലാഖാൻ, ആലി മുസ്‌ലിയാർ, വാരിയം കുന്നത്ത് കുഞ്ഞമ്മദാജി തുടങ്ങിയ അനേകം ധീരാത്മാക്കൾ ചോര നൽകി വളർത്തിയെടുത്ത സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന് ഒരു പ്രത്യേക ചരിത്ര ഘട്ടത്തിൽ സവിശേഷമായ രീതിയിലൂടെ വിജയകരമായ പരിസമാപ്തി കുറിക്കുക മാത്രമാണ് ഗാന്ധിജി ചെയ്തത്.

**കോൺഗ്രസ് ഉയർത്തിപ്പിടിച്ച അഹിംസയുടെയും അക്രമരാഹിത്യത്തിന്റെയും ഉറച്ച വക്താക്കളായിരുന്നുവെങ്കിലും അടിച്ചാൽ യാതൊരവസ്ഥയിലും തിരിച്ചടിച്ചു കൂടാ എന്ന സിദ്ധാന്ത ശാഠ്യമൊന്നും ആലിമുസ്‌ലിയാർക്കും വാരിയൻകുന്നത്തിനുമുണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ അഹിംസാമാർഗത്തിൽനിന്ന് വ്യതിചലിക്കാതിരിക്കാൻ അവസാനഘട്ടംവരെ ശ്രമിച്ചെങ്കിലും ഗത്യന്തരമില്ലാതെ വന്നപ്പോൾ സാമ്രാജ്യത്വത്തിനെതിരെ സായുധ ചെറുത്തുനിൽപിന് നേതൃത്വം നൽകാനും അവർക്ക് മടിയുണ്ടായില്ല. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചത് ഗാന്ധിജിയുടെ അഹിംസാരീതിയിലുള്ള സമരങ്ങളിലൂടെ മാത്രമാണെന്ന ലളിത സമവാക്യത്തിൽ വിശ്വസിക്കുന്ന യാഥാർഥ്യ ബോധമോ കാര്യങ്ങളെ സൂക്ഷ്മമായി വിലയിരുത്താനുള്ള ശേഷിയോ ഇല്ലാത്ത ശുദ്ധന്മാർക്കുമാത്രമേ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിൽ മലബാർ സമരമടക്കമുള്ള അനേകം സായുധ സമരങ്ങളുടെ പങ്ക് കാണാനുള്ള കണ്ണില്ലാതെ പോകുകയുള്ളു.**

മലബാർ സമരം സാമുദായിക ലഹളയായിരുന്നുവെന്ന തൽപര കക്ഷികളുടെ വ്യാഖ്യാനത്തെ ചെറിയ തോതിൽ സാധൂകരിക്കുന്ന, സമരലക്ഷ്യത്തോട് നീതി പുലർത്താത്ത ചില്ലറ വ്യതിയാനങ്ങളും വ്യതിചലനങ്ങളും സമരത്തിന്റെ ചില ഘട്ടത്തിൽ സംഭവിച്ചതിനെ നിഷേധിക്കുകയോ ന്യായീകരിക്കുകയോ ചെയ്യേണ്ടതില്ല. ചരിത്രത്തിലെ മഹത്തായ പല സാമൂഹിക വിപ്ലവങ്ങളിലും സംഭവിച്ചിട്ടുള്ളതു പോലെ ഈ സമരത്തെയും നിക്ഷിപ്ത താൽപര്യങ്ങൾക്കായി ദുരുപയോഗപ്പെടുത്താൻ ചില വിവരദോഷികൾ ശ്രമിച്ചതാണ് ഈ വ്യതിചലനത്തിന് കാരണം. അത്തരം വ്യതിയാനങ്ങൾ തടയാനും തിരുത്താനും സമര നേതാക്കളായ ആലിമുസ്‌ലിയാരും വാരിയം കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും ഇടപെടുകയും ചെയ്തിരുന്നു. ആലിമുസ്‌ലിയാർ പിടിക്കപ്പെട്ടതിനു ശേഷമുള്ള സമരത്തിന്റെ രണ്ടാം ഘട്ടത്തിലാണ് അത്തരം വ്യതിയാനങ്ങൾ കൂടുതലായി സംഭവിച്ചത് എന്നതും മനസ്സിലാക്കപ്പെടേണ്ടതുണ്ട്. ഏതായാലും ഈ വ്യതിയാനങ്ങൾ ഒഴിച്ചുനിർത്തിയാൽ മലബാർ സമരത്തിന്റെ ഒരു പ്രധാന സവിശേഷത അതിൽ നിലനിന്ന സാമുദായിക സഹവർത്തിത്വമാണ്. ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടിനെയും എം.പി നാരായണ മേനോനെയും പോലുള്ള ഹൈന്ദവ നേതാക്കൾ സമരത്തിന്റെ പേരിൽ ദീർഘകാലം ജയിൽ ശിക്ഷ അനുഭവിച്ചത് മലബാർ സമരത്തിലെ സാമുദായിക സഹവർത്തിത്വത്തിന്റെ മികച്ച ദൃഷ്ടാന്തമാണ്. മാപ്പിളമാരോടൊപ്പം കലാപത്തിൽ പോരാടി മരിച്ചവരുടെ കൂട്ടത്തിലും ധാരാളം ഹിന്ദുക്കളുണ്ടായിരുന്നു. കലാപത്തിലെ ഏറ്റവും ദാരുണമായ വാഗൺ ട്രാജഡി ദുരന്തത്തിൽ കൊല്ലപ്പെട്ടവരിലും ഹിന്ദുവുണ്ടായിരുന്നു. മലബാർ സമരത്തിന്റെ മതപരതയിൽ ഉൽക്കണ്ഠപ്പെടുന്ന ചരിത്രകാരൻ പഠിക്കുകയും വിശകലനത്തിനു വിധേയമാക്കുകയും ചെയ്യേണ്ട പ്രധാന സംഗതിയാണ് സമരത്തിലെ ഈ മാപ്പിളേതര പങ്കാളിത്തം. ■